**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5119** **20-07-2022 - ൽ മറുപടിയ്ക്ക്**

**മ്യൂസിയങ്ങളുടെ നിർമ്മാണവും ആധുനികീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുരാരേഖ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക ആർക്കൈവ്സ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പുരാരേഖാ വകുപ്പിന്റെ ഉപകേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതാത് ജില്ലകളുമായി ബന്ധപ്പെട്ട രേഖകൾ ടി ജില്ലകളിൽ തന്നെ ആവശ്യക്കാർക്ക് ലഭ്യമാക്കുക എന്നുള്ളതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ താളിയോല രേഖകളുടെ ശാസ്ത്രീയ സംരക്ഷണം നടത്തി സംരക്ഷിക്കുന്നതിനു ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് എന്ന സ്ഥാപനം തിരുവനന്തപുരം കാര്യവട്ടത്തെ യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മലബാറിന്റെ സ്വാതന്ത്ര്യ സമര ചരിത്രവും പാരമ്പര്യവും വെളിപ്പെടുത്തുന്ന പ്രത്യേക മ്യൂസിയം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ചരിത്ര യാഥാർത്ഥ്യം സമൂഹത്തിലെത്തിക്കുന്നതിന് ഇത് എത്രത്തോളം സഹായകരമാവുമെന്ന് വിശദമാക്കാമോ; | (ബി) | സ്വാതന്ത്ര്യ സമര ചരിത്രവും, പാരമ്പര്യവും വെളിപ്പെടുത്തുന്ന മ്യൂസിയം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നിലവിൽ വകുപ്പ് ആരംഭിച്ച ജില്ലാ പൈതൃക മ്യൂസിയങ്ങളിൽ മറ്റ് വിഷയങ്ങളോടൊപ്പം ഇതുകൂടി ഉൾപ്പെടുത്തുന്നതാണ്. |
| (സി) | കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം ആധുനികീകരിച്ച് പൊതു സമൂഹത്തിന് ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം ആധുനികീകരിച്ച് പൊതുസമൂഹത്തിന് തുറന്നു നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മ്യൂസിയത്തിന്റെയും ഗ്യാലറികളുടെയും സമഗ്ര നവീകരണം, വിഷയാധിഷ്ഠിതമായുള്ള പ്രദർശന വസ്തുക്കളുടെ പുനഃക്രമീകരണം, മ്യൂസിയം കൂടുതൽ സന്ദർശക സൗഹൃദമാക്കൽ, സന്ദർശകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ